# അദ്ധ്യായം -6

നാലും , അഞ്ചും അദ്ധ്യായങ്ങളിൽ സ്വർഗ്ഗീയസദസ്സും അവിടുത്തെ കാഴ്ചകളുമാണ് നാം കണ്ടത്. സഭ എടുക്കപ്പെട്ടശേഷം സംഭവിപ്പാൻ പോകുന്ന അതിദാരുണമായ സംഭവങ്ങളാണ് തുടർന്നു ളള അദ്ധ്യായങ്ങളിൽ കാണുന്നത്. സഭ എടുത്തുകൊളളപ്പെട്ടപ്പോൾ അധർമ്മമൂർത്തിയായ അന്തിക്രിസ്തു വെളിപ്പെടുന്നു. പരിശുദ്ധാത്മാവ് എന്ന തടുത്തവനും വഴിയിൽ നിന്ന് മാറിയതോടെ അന്തിക്രിസ്തുവിന്റെ വ്യാപാരത്തിന് ഇടം ലഭ്യമായി.

**ഈ കാലഘട്ടത്തിന് വചനത്തിൽ പറയുന്ന ചില പേരുകൾ**

1. വലിയകഷ്ടം - മത്തായി (24:21,22)
2. യാക്കോബിന്റെ കഷ്ടകാലം - യിരെ : (30:4-7)
3. ഈ കാലം വരെ സംഭവിച്ചിട്ടില്ലാത്ത കഷ്ടം - ദാനി : (12:1)
4. യഹോവയുടെ ദിവസം - യോവേൽ (1:15) , സെഫന്യാവ് (1:14-18)

ഈ കാലഘട്ടത്തെ മഹോപദ്രവകാലം എന്ന് പറയുന്ന പ്രവചനത്തിൽ ഏഴ് എന്നതിനെ 3 ഘട്ടമായി വേർതിരിക്കുന്നു. ആദ്യ നാലു മുദ്രകളും ഒരു ഘട്ടമാണ്. രണ്ടാം ഘട്ടത്തിലെ അഞ്ചും ആറും മുദ്രകൾ തമ്മിലുള്ള ബന്ധങ്ങൾ വൈവിധ്യമാർന്ന സംഭവങ്ങൾ ഉൾക്കൊള്ളുന്നു. മൂന്നാം ഘട്ടത്തിലെ ഒന്ന് സംഭവത്തിന്റെ അവസാനവും കൃപാകാലം തന്നത് തക്കത്തിലുപയോഗിക്കാത്ത വർക്കുള്ള ശിക്ഷണ നടപടികൾക്കായി ക്രിസ്തുതന്നെ അനുവാദം കൊടുക്കുന്നു.

ആദ്യനാലു മുദ്രകൾ പൊട്ടിക്കുമ്പോഴുണ്ടാകുന്ന സംഭവപരമ്പരകളാണ് ഒന്നാം ഘട്ടത്തിൽ ദൃശ്യമാകുന്നത് . മുദ്രാഭേദന സമയത്ത് നാലു ജീവികൾ വരിക എന്നു പറയുമ്പോൾ ചതുരവർണ്ണ തുരഗങ്ങൾ പ്രത്യക്ഷപ്പെടുന്നു. ഒന്നാമത്തെ കുതിരസമാധാനത്തിന്റെയും ജയത്തിന്റെയും അടയാളമായ വെള്ളക്കുതിര. വില്ല് കയ്യിലുണ്ട് , എന്നാൽ അമ്പില്ലാത്തതിനാൽ ഒരിക്കലും അന്തിമ വിജയം ലഭ്യമാകില്ല.ഉപായിയായവൻ കിരീടം കരസ്ഥമാക്കുമ്പോൾ അവൻ വിജയിച്ചു എന്ന് തോന്നിപ്പോകും എന്നാൽ രണ്ടാംമുദ്രാഭേദനത്താൽവരുന്ന ചുവന്നകുതിരയേയും കുതിരപ്പുറത്തിരിക്കുന്നവനേയും കാണുമ്പോൾ സത്യം മനസ്സിലാകുന്നു.

**വായിക്കുക --------- വെളി (6:3,4):**

യുദ്ധം മൂലം -സമാധാനം നഷ്ടമാകുകയും രക്തചൊരിച്ചിലുണ്ടാകുകയും ചെയ്യുന്നു. യുദ്ധത്തിന്റെ അനന്തരഫലമാണ് മൂന്നാംമുദ്രാഭേദനത്താൽ വരുന്ന കറുത്തകുതിരയുടെ വരവുമൂലം സംഭവിക്കുന്നത്. ആ കുതിരക്കാരന്റെ കയ്യിലിരിക്കുന്ന തുലാസ് ക്ഷാമകാലത്തെ കാണിക്കുന്നു (വാക്യം-6) യുദ്ധം, ക്ഷാമം ഇവമൂലമുണ്ടാകുന്ന പകർച്ചവ്യാധി , മരണം എന്നിവയെ വെളിപ്പെടുത്തുന്നു മഞ്ഞ നിറത്തിലുള്ള കുതിര ഈ കുതിര മേൽ ഇരിക്കുന്നവനാണ് മരണം. (വാക്യം-8) ഈ നാലാം മുദ്രാഭേദനത്തിലൂടെ ഒന്നാംഘട്ടം പൂർത്തിയാകുമ്പോൾ ഭൂമിയിലുള്ള ജനസംഖ്യയുടെ നാലിലൊന്ന് നശിച്ചുപോകുന്നു.

രണ്ടാംഘട്ടത്തിന്റെ തുടക്കമാണ് അഞ്ചാം മുദ്രാഭേദനം . യാഗപീഠത്തിൽ കീഴിൽനിലവിളിക്കുന്ന രക്തസാക്ഷികളേയും അവരെ ആശ്വസിപ്പിക്കുന്ന സ്വർഗ്ഗീയശബ്ദത്തേയും കാണാം എങ്ങനെ അവർ അവിടെ വന്നു എന്നറിയുവാൻ വായിക്കുക (വെളി:6:9-11)

ആറാം മുദ്രാഭേദനത്താൽ പ്രകൃതിയിൽ വന്ന മാറ്റങ്ങൾ (6:12-14)

**ഭയം എന്തുകൊണ്ട് ? (16,17 വാക്യങ്ങൾ)**

ഭയത്തിൽ നിന്ന് രക്ഷനേടുവാനുള്ള അവരുടെ ശ്രമങ്ങൾ എപ്രകാരം -(വാക്യം 15)

സൈന്യത്തിനോ, അധികാരസ്ഥാനങ്ങൾക്കോ പണത്തിനോ, പ്രശസ്തിക്കോ നമ്മെ രക്ഷിപ്പാൻ കഴിയുകയില്ല എന്ന് മനസ്സിലാക്കി കൃപയുടെ ഉറവിടമായ യേശുവുകലേക്ക് ചെല്ലുക സമയം പാഴാക്കരുതേ.